"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷന്റെ ആദ്യ ഘട്ടത്തിലേയ്ക്കായി തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.433/2025/H&FWD തീയതി,തിരുവനന്തപുരം, 22-12-2025

---

പരാമർശം:-
1. സ.ഉ (കൈ) നം. 254/2022/ആ.കു.വ തീയതി 02.12.2022
2. 02.01.2023 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷയിൽ കൂടിയ യോഗ തീരുമാനം
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 21.04.2024, 05.02.2025 തീയതികളിലെ ഡി.എം.ഇ 6166/2023-പിബി1 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പുതുച്ചേരിയിലെ ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജുവേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് റിസർച്ചിലെ സർജിക്കൽ ഗ്യാസ്ട്രോഎന്ററോളജി വിഭാഗം പ്രൊഫസർ ഡോ. ബിജു പൊറ്റക്കാടിനെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്നതിനും തീരുമാനിച്ചിരുന്നു. തുടർന്ന് 02.01.2023 ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുവാൻ സ്പെഷ്യൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ജീവനക്കാരുടെ നിയമനം ഘട്ടം ഘട്ടമായി നടത്താമെന്നും തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ഡോ. ബിജു പൊറ്റക്കാട്ട് സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷന്റെ വിവിധ വകുപ്പുകളിലേക്ക് രണ്ട് ഘട്ടങ്ങളിലായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ പരാമർശം (3) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചു.

2) കിഡ്നി ട്രാൻസ്പ്ലാന്റ് സർജറി, ലിവർ ട്രാൻസ്പ്ലാന്റേഷൻ & എച്ച്പിബി സർജറി, ട്രാൻസ്പ്ലാന്റ് ഹെപ്പറ്റോളജി, ട്രാൻസ്പ്ലാന്റ് എൻഡോക്രൈനോളജി, ഹാർട്ട് & ലങ് ട്രാൻസ്പ്ലാന്റേഷൻ സർജറി, ട്രാൻസ്പ്ലാന്റ് കാർഡിയോളജി & പൾമണോളജി, സോഫ്റ്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റേഷൻ, കോർണിയൽ ട്രാൻസ്പ്ലാന്റേഷൻ, ട്രാൻസ്പ്ലാന്റ് അനസ്തേഷ്യോളജി, ട്രാൻസ്പ്ലാന്റ് ക്രിട്ടിക്കൽ കെയർ, സ്റ്റെം സെൽ ട്രാൻസ്പ്ലാന്റേഷൻ & ഹെമറ്റോളജി, ട്രാൻസ്പ്ലാന്റ് ഇമ്മ്യൂണോളജി, ഇമ്മ്യൂണോജെനെറ്റിക്സ് & ട്രാൻസ്പ്ലാന്റ് ബയോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ & ഇമ്മ്യൂണോ ഹെമറ്റോളജി, റേഡിയോ ഡയഗ്നോസിസ്, ന്യൂക്ലിയർ മെഡിസിൻ, പാത്തോളജി, മൈക്രോബയോളജി, ട്രാൻസ്പ്ലാന്റേഷൻ റിസർച്ച്, ടിഷ്യു ബാങ്ക്, പബ്ലിക് ഹെൽത്ത് & എപ്പിഡെമിയോളജി, നഴ്സിംഗ് വിദ്യാഭ്യാസം, ആശുപത്രി അഡ്മിനിസ്ട്രേഷൻ തുടങ്ങിയ വിവിധ വകുപ്പുകൾ നിർദ്ദിഷ്ട ഇൻസ്റ്റിറ്റ്യൂട്ടിൽ ഉണ്ടായിരിക്കും.

3) ഒന്നാം ഘട്ടത്തിൽ, ഇൻസ്റ്റിറ്റ്യൂട്ടിന് 1 പ്രിൻസിപ്പൽ, 16 പ്രൊഫസർമാർ, 6 അസോസിയേറ്റ് പ്രൊഫസർമാർ, 43 അസിസ്റ്റന്റ് പ്രൊഫസർമാർ, 102 സീനിയർ റസിഡന്റ്, 18 ജൂനിയർ റസിഡന്റ് എന്നീ അധ്യാപക തസ്തികകളും 772 അനധ്യാപക തസ്തികകളും (ടെക്നിക്കൽ & അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ്), രണ്ടാം ഘട്ടത്തിൽ 30 അസിസ്റ്റന്റ് പ്രൊഫസർമാർ, 44 സീനിയർ റസിഡന്റ്, 8 ജൂനിയർ റസിഡന്റ് എന്നീ അധ്യാപക തസ്തികകളും, അനധ്യാപക തസ്തികകളും

(ടെക്നിക്കൽ & അഡ്മിനിസ്ട്രേറ്റീവ്) ആവശ്യമാണ്. പ്രൊപ്പോസൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടത്തിലേയ്ക്ക് അത്യാവശ്യം വേണ്ട അധ്യാപക തസ്തികകൾ മാത്രം ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെടുകയും അതനുസരിച്ച്, 19 വകുപ്പുകളിലായി 14 പ്രൊഫസർ തസ്തികകളും, 7 അസോസിയേറ്റ് പ്രൊഫസർ തസ്തികകളും, 39 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും ഉൾപ്പെടെ 60 അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പുതുക്കിയ നിർദ്ദേശം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുകയും ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 08.06.2024 ലെ സ.ഉ (സാധാ) നം. 1368/2023/ആ.കു.വ പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി M/s HITES നെ നിയമിച്ചിട്ടുണ്ട്. കൂടാതെ 10.06.2025 ലെ സ.ഉ (കൈ) നം. 171/2025/ആ.കു.വ പ്രകാരം KIIFB യിൽ ഉൾപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് 643.88 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ PMSSY ബ്ലോക്കിൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള താൽക്കാലിക സൗകര്യം ഒരുക്കുന്നതിനായി 14.08.2025 ലെ സ.ഉ (സാധാ) നം. 2377/2025/ആ.കു.വ പ്രകാരം M/s HITES-നെ ചുമതലപ്പെടുത്തുകയും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 11.06.2025 ലെ സ.ഉ (സാധാ) നം. 1618/2025/ആ.കു.വ പ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ അധ്യാപക തസ്തികകൾ സമയബന്ധിതമായി സൃഷ്ടിക്കേണ്ടതുണ്ട്.

5) മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷന്റെ ഒന്നാം ഘട്ടത്തിലേയ്ക്കായി താഴെ പറയും പ്രകാരം 60 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | വകുപ്പ് | പ്രൊഫസർ | അസോസിയേറ്റ് പ്രൊഫസർ | അസിസ്റ്റന്റ് പ്രൊഫസർ |
|---|---|---|---|---|
| 1 | കിഡ്നി ട്രാൻസ്പ്ലാന്റ് സർജറി | 1 | 1 | 3 |
| 2 | ട്രാൻസ്പ്ലാന്റ് നെഫ്രോളജി | 1 | 1 | 3 |
| 3 | ട്രാൻസ്പ്ലാന്റ് ഹെപ്പറ്റോളജി | 1 | 1 | 3 |
| 4 | ട്രാൻസ്പ്ലാന്റ് എൻഡോക്രൈനോളജി | 0 | 0 | 1 |
| 5 | ഹാർട്ട് & ലങ് ട്രാൻസ്പ്ലാന്റേഷൻ സർജറി | 1 | 0 | 2 |
| 6 | ട്രാൻസ്പ്ലാന്റ് കാർഡിയോളജി & പൾമണോളജി സർജറി | 1 | 0 | 2 |
| 7 | സോഫ്റ്റ് ടിഷ്യു ട്രാൻസ്പ്ലാന്റേഷൻ | 1 | 0 | 1 |

| | | | | |
|---|---|---|---|---|
| | [illegible] | | | |
| 8 | കോർണിയൽ ട്രാൻസ്പ്ലാന്റേഷൻ | 0 | 0 | 2 |
| 9 | ട്രാൻസ്പ്ലാന്റ് അനസ്തേഷ്യോളജി | 1 | 1 | 6 |
| 10 | സ്റ്റെം സെൽ ട്രാൻസ്പ്ലാന്റേഷൻ & ഹെമറ്റോളജി | 1 | 1 | 3 |
| 11 | ട്രാൻസ്പ്ലാന്റ് ഇമ്മ്യൂണോളജി, ഇമ്മ്യൂണോജെനെറ്റിക്സ് & ട്രാൻസ്പ്ലാന്റ് ബയോളജി | 1 | 0 | 2 |
| 12 | ട്രാൻസ്ഫ്യൂഷൻ മെഡിസിൻ & ഇമ്മ്യൂണോ ഹെമറ്റോളജി | 1 | 0 | 1 |
| 13 | റേഡിയോ ഡയഗ്നോസിസ് | 1 | 0 | 3 |
| 14 | പാത്തോളജി | 1 | 0 | 2 |
| 15 | മൈക്രോബയോളജി | 0 | 1 | 1 |
| 16 | ട്രാൻസ്പ്ലാന്റേഷൻ റിസർച്ച് | 1 | 0 | 1 |
| 17 | പബ്ലിക് ഹെൽത്ത് & എപ്പിഡെമിയോളജി | 0 | 1 | 1 |
| 18 | നഴ്സിംഗ് വിദ്യാഭ്യാസം | 0 | 0 | 1 |
| 19 | ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ | 1 | 0 | 1 |
| | **ആകെ** | **14** | **7** | **39** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.3429 തീയതി 17.12.2025 പ്രകാരം)
ധനകാര്യ വകുപ്പ് (11.09.2025 ലെ 2933481/HLT-B1/160/2024-FIN പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Dhanya Sadasivan
Date: 23-12-2025 10:47:24

സെക്ഷൻ ഓഫീസർ

*പകർപ്പ് - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*
*ആരോഗ്യവും വനിതാ-ശിശുവികസവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*
*ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്*

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-12-2025

ഫയൽ നം. ഹെൽത്ത്-ബി1/352/2023/ഹെൽത്ത്. ഇനം നം: 3429

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷന്റെ ആദ്യഘട്ടത്തിലേയ്ക്കായി തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

hs (B)
Put up draft go
18/12

3429

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഹെൽത്ത് – ബി1/352/2023/ഹെൽത്ത് |
| 2. | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ് |
| 3. | വിഷയം | : | ആ.കു.വ – കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷന്റെ ആദ്യ ഘട്ടത്തിലേയ്ക്കായി തസ്തികകൾ സൃഷ്ടിക്കുന്നത് – സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 23.10.2025 |
| 5 | 1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ<br>ഉണ്ട്.<br>ഉൾക്കൊളളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ജനാർദ്ദനൻ കെ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. രാജൻ എൻ ഖോബ്രഗഡെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.11.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.11.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23.11.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 24.11.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷന്റെ ആദ്യ ഘട്ടത്തിലേയ്ക്കായി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 02.12.2022 ലെ സ.ഉ (കൈ) നം. 254/2022/ആ.കു.വ പ്രകാരം, കോഴിക്കോട് ജില്ലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പുതുച്ചേരിയിലെ ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജുവേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് റിസർച്ചിലെ സർജിക്കൽ ഗ്യാസ്ട്രോഎന്ററോളജി വിഭാഗം പ്രൊഫസർ ഡോ. ബിജു പൊറ്റക്കാടിനെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്നതിനും തീരുമാനിച്ചിരുന്നു.

3. 02.01.2023 ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. ജീവനക്കാരുടെ നിയമനം ഘട്ടം ഘട്ടമായി നടത്താമെന്നും തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ഡോ. ബിജു പൊറ്റക്കാട്ട് സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷന്റെ വിവിധ വകുപ്പുകളിലേക്ക് രണ്ട് ഘട്ടങ്ങളിലായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചു.

4. 219 ജനറൽ കിടക്കകൾ, 42 പ്രത്യേക കിടക്കകൾ, 58 ഐ.സി.യു കിടക്കകൾ, 83 എച്ച്.ഡി.യു കിടക്കകൾ, 16 ഓപ്പറേഷൻ തീയേറ്ററുകൾ, രോഗനിർണ്ണയ കേന്ദ്രം, ട്രാൻസ്പ്ലാന്റേഷൻ ഗവേഷണ കേന്ദ്രം എന്നിവയുൾപ്പെടെ ഏകദേശം 510 കിടക്കകളുള്ള ഒരു ഉയർന്ന സ്പെഷ്യാലിറ്റി ആശുപത്രിയാണ് നിർദ്ദിഷ്ട ഇൻസ്റ്റിറ്റ്യൂട്ട്. കിഡ്നി ട്രാൻസ്പ്ലാന്റ് സർജറി, ലിവർ ട്രാൻസ്പ്ലാന്റേഷൻ & എച്ച്പിബി സർജറി, ട്രാൻസ്പ്ലാന്റ് ഹെപ്പറ്റോളജി, ട്രാൻസ്പ്ലാന്റ് എൻഡോക്രൈനോളജി, ഹാർട്ട് & ലങ് ട്രാൻസ്പ്ലാന്റേഷൻ സർജറി, ട്രാൻസ്പ്ലാന്റ് കാർഡിയോളജി & പൾമണോളജി, സോഫ്റ്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റേഷൻ, കോർണിയൽ ട്രാൻസ്പ്ലാന്റേഷൻ, ട്രാൻസ്പ്ലാന്റ് അനസ്തേഷ്യോളജി, ട്രാൻസ്പ്ലാന്റ് ക്രിട്ടിക്കൽ കെയർ, സ്റ്റെം സെൽ ട്രാൻസ്പ്ലാന്റേഷൻ & ഹെമറ്റോളജി, ട്രാൻസ്പ്ലാന്റ് ഇമ്മ്യൂണോളജി, ഇമ്മ്യൂണോജെനെറ്റിക്സ് & ട്രാൻസ്പ്ലാന്റ് ബയോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ & ഇമ്മ്യൂണോ ഹെമറ്റോളജി, റേഡിയോ

ഡയഗ്നോസിസ്, ന്യൂക്ലിയർ മെഡിസിൻ, പാത്തോളജി, മൈക്രോബയോളജി, ട്രാൻസ്പ്ലാന്റേഷൻ റിസർച്ച്, ടിഷ്യു ബാങ്ക്, പബ്ലിക് ഹെൽത്ത് & എപ്പിഡെമിയോളജി, നഴ്സിംഗ് വിദ്യാഭ്യാസം, ആശുപത്രി അഡ്മിനിസ്ട്രേഷൻ തുടങ്ങിയ വിവിധ വകുപ്പുകൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉണ്ടായിരിക്കും.

5. മറ്റ് മെഡിക്കൽ സേവനങ്ങളെ അപേക്ഷിച്ച് മേൽപ്പറഞ്ഞ വകുപ്പുകൾക്ക് കൂടുതൽ ജീവനക്കാരെ ആവശ്യമുണ്ടെങ്കിലും, 2021 ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ സമാനമായതോ തത്തുല്യമായതോ ആയി കണ്ടെത്തിയ തസ്തികകളുടെ വിഭാഗവും പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു. ഒന്നാം ഘട്ടത്തിൽ, ഇൻസ്റ്റിറ്റ്യൂട്ടിന് 1 പ്രിൻസിപ്പൽ, 16 പ്രൊഫസർമാർ, 6 അസോസിയേറ്റ് പ്രൊഫസർമാർ, 43 അസിസ്റ്റന്റ് പ്രൊഫസർമാർ, 102 സീനിയർ റസിഡന്റ്, 18 ജൂനിയർ റസിഡന്റ് എന്നീ അധ്യാപക തസ്തികകളും 772 അനധ്യാപക തസ്തികകളും (ടെക്നിക്കൽ & അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ്), രണ്ടാം ഘട്ടത്തിൽ 30 അസിസ്റ്റന്റ് പ്രൊഫസർമാർ, 44 സീനിയർ റസിഡന്റ്, 8 ജൂനിയർ റസിഡന്റ് എന്നീ അധ്യാപക തസ്തികകളും, അനധ്യാപക തസ്തികകളും (ടെക്നിക്കൽ & അഡ്മിനിസ്ട്രേറ്റീവ്) ആവശ്യമാണ്. അധ്യാപക തസ്തികകൾക്ക് ഒന്നാം ഘട്ടത്തിന് 24,95,11,722/- രൂപയുടേയും രണ്ടാം ഘട്ടത്തിന് 8,97,30,204/- രൂപയുടേയും അധിക സാമ്പത്തിക ബാധ്യത പ്രതിവർഷം ഉണ്ടാകും. അനധ്യാപക തസ്തികകൾക്ക്, ഒന്നാം ഘട്ടത്തിന് ഏകദേശം 36,18,74,240 രൂപയുടേയും രണ്ടാം ഘട്ടത്തിന് 17,00,27,676 രൂപയുടേയും അധിക സാമ്പത്തിക ബാധ്യത പ്രതിവർഷം ഉണ്ടാകും.

6. ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച ശേഷം ആദ്യ ഘട്ടത്തിലേക്ക് അത്യാവശ്യം വേണ്ട അധ്യാപക തസ്തികകൾ മാത്രം ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെടുകയും അതനുസരിച്ച്, 19 വകുപ്പുകളിലായി 14 പ്രൊഫസർ തസ്തികകളും, 7 അസോസിയേറ്റ് പ്രൊഫസർ തസ്തികകളും, 39 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും ഉൾപ്പെടെ 60 അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പുതുക്കിയ നിർദ്ദേശം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുകയും ചെയ്തു.

7. 08.06.2024 ലെ സ.ഉ (സാധാ) നം. 1368/2023/ആ.കു.വ പ്രകാരം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി M/s HITES നെ നിയമിക്കുകയുണ്ടായി. കൂടാതെ 10.06.2025 ലെ സ.ഉ (കൈ) നം. 171/2025/ആ.കു.വ പ്രകാരം, KIIFB യിൽ ഉൾപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന്

643.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ PMSSY ബ്ലോക്കിൽ സ്ഥാപിക്കുന്ന താൽക്കാലിക സൗകര്യത്തിനായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി 11.06.2025 ലെ സ.ഉ (സാധാ) നം. 1618/2025/ആ.കു.വ പ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. 14.08.2025 ലെ സ.ഉ (സാധാ) നം. 2377/2025/ആ.കു.വ പ്രകാരം, M/s HITES-നെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ അധ്യാപക തസ്തികകൾ സമയബന്ധിതമായി സൃഷ്ടിക്കേണ്ടതുണ്ട്.

8. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:-

*"Finance agrees to create a total number of 60 (Sixty only) teaching posts (14 Professors, 7 Associate Professors and 39 Assistant Professors) for phase I in the proposed Institute of Organ Transplantation (IOT) under the following Departments:-*

| *Sl. No* | *Department* | *Professor* | *Associate Professor* | *Assistant Professor* |
|---|---|---|---|---|
| *1* | *Kidney transplant surgery* | *1* | *1* | *3* |
| *2* | *Transplant nephrology* | *1* | *1* | *3* |
| *3* | *Transplant hepatology* | *1* | *1* | *3* |
| *4* | *Transplant endocrinology* | *0* | *0* | *1* |
| *5* | *Heart and lung transplantation surgery* | *1* | *0* | *2* |
| *6* | *Transplant cardiology and pulmonology surgery* | *1* | *0* | *2* |
| *7* | *Soft tissue transplantation* | *1* | *0* | *1* |
| *8* | *Corneal transplantation* | *0* | *0* | *2* |
| *9* | *Transplant anaesthesiology* | *1* | *1* | *6* |
| *10* | *Stem cell transplantation and hematology* | *1* | *1* | *3* |
| *11* | *Transplant immunology,* | *1* | *0* | *2* |

| | | | | |
|---|---|---|---|---|
| | *immunogenetics and Transplant biology* | | | |
| 12 | *Transfusion medicine and immunohematology* | 1 | 0 | 1 |
| 13 | *Radio diagnosis* | 1 | 0 | 3 |
| 14 | *Pathology* | 1 | 0 | 2 |
| 15 | *Microbiology* | 0 | 1 | 1 |
| 16 | *Transplantation research* | 1 | 0 | 1 |
| 17 | *Public health and epidemology* | 0 | 1 | 1 |
| 18 | *Nursing education* | 0 | 0 | 1 |
| 19 | *Hospital administration* | 1 | 0 | 1 |
| | **Total** | **14** | **7** | **39** |

9. ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷന്റെ ഒന്നാം ഘട്ടത്തിൽ, 19 കാറ്റഗറികളിലായി 60 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാമോ എന്ന ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷന്റെ ഒന്നാം ഘട്ടത്തിലേയ്ക്കായി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കാമോ?

| Sl. No | Department | Professor | Associate Professor | Assistant Professor |
|---|---|---|---|---|
| 1 | Kidney transplant surgery | 1 | 1 | 3 |
| 2 | Transplant nephrology | 1 | 1 | 3 |
| 3 | Transplant hepatology | 1 | 1 | 3 |
| 4 | Transplant endocrinology | 0 | 0 | 1 |
| 5 | Heart and lung transplantation | 1 | 0 | 2 |

| | | | | |
|---|---|---|---|---|
| | surgery | | | |
| 6 | Transplant cardiology and pulmonology surgery | 1 | 0 | 2 |
| 7 | Soft tissue transplantation | 1 | 0 | 1 |
| 8 | Corneal transplantation | 0 | 0 | 2 |
| 9 | Transplant anaesthesiology | 1 | 1 | 6 |
| 10 | Stem cell transplantation and hematology | 1 | 1 | 3 |
| 11 | Transplant immunology, immunogenetics and Transplant biology | 1 | 0 | 2 |
| 12 | Transfusion medicine and immunohematology | 1 | 0 | 1 |
| 13 | Radio diagnosis | 1 | 0 | 3 |
| 14 | Pathology | 1 | 0 | 2 |
| 15 | Microbiology | 0 | 1 | 1 |
| 16 | Transplantation research | 1 | 0 | 1 |
| 17 | Public health and epidemology | 0 | 1 | 1 |
| 18 | Nursing education | 0 | 0 | 1 |
| 19 | Hospital administration | 1 | 0 | 1 |
| | **Total** | **14** | **7** | **39** |